March – 2008 | Reg. No. : ................................. | G-3037

Name : .................................

## Part-III

# മലയാളം

## (Malayalam)

Maximum : 80 Scores

Time : $2\frac{1}{2}$ Hours

Cool-off time : 15 Minutes

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യനമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.

1. പ്രബന്ധം തയ്യാറാക്കുക.

കുമാരനാശാന്റെ 'വീണപൂവ്' എന്ന ഖണ്ഡകാവ്യത്തിന്റെ ശതാബ്ദി ആഘോഷിക്കുന്നതിന്റെ ഭാഗമായി നടക്കുന്ന സെമിനാറിൽ ആധുനിക-കവിത്രയത്തെ പൊതുവെ പരിചയപ്പെടുത്തുന്ന ഒരു പ്രബന്ധം തയ്യാറാക്കുക. (ഒരു പുറം - സ്കോർ : 8)

2.

ക്ഷുബ്ധമായ് കലുഷമായ്
　　പ്രവഹിക്കുന്ന കാലം
എത്രയുമസ്വസ്ഥമാ
　　ണുലകം തിരക്കിലും
ഇന്നു നാമേകാന്തത-
　　യിങ്കലാണുറമഞ്ഞു
വന്നു ബന്ധിച്ചാൽ പോലെ
　　ഹൃദയം മരവിപ്പൂ.
ആ മരവിപ്പിൻ മീതെ
　　ചവിട്ടി മുന്നേറുന്നു
നാമറിയാത്തോർ ഒട്ടും
　　നമ്മളെ അറിയാത്തോർ

ശ്രീ. വൈലോപ്പിള്ളി ശ്രീധര മേനോന്റെ യുഗപരിവർത്തനം എന്ന കവിതയിലെ ഈ വരികളിലെ സാമൂഹ്യ ദർശനത്തെ വർത്തമാനകാല പരിതഃസ്ഥിതികളുമായി താരതമ്യം ചെയ്ത് വിശദീകരിക്കുക. (ഒരു പുറം - സ്കോർ : 8)

3. വിനയാർന്ന സുഖം കൊതിക്കയി-
ല്ലിനിമേൽ ഞാൻ - അസുഖം വരിക്കുവാൻ
മനമല്ലൽ കൊതിച്ചു ചെല്ലുകിൽ
തനിയേ കൈവിടുമീർഷ്യ ദുർവിധി.

ഉപേക്ഷിക്കപ്പെട്ട സീതയുടെ ഈ മനോഗതങ്ങളെ 'അച്ഛനും മകളും' എന്ന കാവ്യത്തിലെ അവസാന സന്ദർഭങ്ങളുമായി താരതമ്യം ചെയ്ത് ഉപന്യാസം തയ്യാറാക്കുക. **(ഒരു പുറം - സ്കോർ : 8)**

4. ഇവിടെയുണ്ടു ഞാനെന്നറിയിക്കുവാൻ
മധുരമായൊരു കൂവൽ മാത്രം മതി
ഇവിടെയുണ്ടായിരുന്നു ഞാനെന്നതി-
ന്നൊരുവെറും തൂവൽ താഴെയിട്ടാൽ മതി
ഇനിയുമുണ്ടാകുമെന്നതിൻ സാക്ഷ്യമായ്
അടയിരുന്നതിൻ ചൂടുമാത്രം മതി
ഇതിലുമേറെ ലളിതമായെങ്ങനെ
കിളികളാവിഷ്ക്കരിക്കുന്നു ജീവനെ ?

കാല്പനിക കവിതയുടെ പൊതു സ്വഭാവങ്ങളുടെ പശ്ചാത്തലത്തിൽ കവികൾ ആവിഷ്ക്കരിക്കുന്ന ജീവനെ തന്നെ ഈ വരികളിൽ ദർശിക്കാം. യോജിച്ചോ, വിയോജിച്ചോ ലഘുകുറിപ്പ് തയ്യാറാക്കുക. **(അരപ്പുറം - സ്കോർ : 4)**

5. പ്രാദേശിക ടി.വി. ചാനൽ ഓണക്കാലത്ത് സംപ്രേക്ഷണം ചെയ്യാൻ സ്ക്കുളിലൊരുക്കുന്ന 'ദേശ സ്മൃതി' എന്ന നാടൻ കലാവതരണ പരിപാടി ചിട്ടപ്പെടുത്തി അവതരിപ്പിക്കുന്നതിന് നിങ്ങളെ സമീപിക്കുന്നു. ഒരു മണിക്കൂർ പരിധിയ്ക്കകത്ത് 10 മിനിറ്റു വീതം 4 കലകളുടെ അവതരണവും 2 മിനിറ്റു വീതം അവതരിപ്പിയ്ക്കപ്പെടുന്ന കലയെ പരിചയപ്പെടുത്തലുമാണ്, ബാക്കി സമയം പരസ്യത്തിനായി നീക്കി വെച്ചിരിക്കുന്നു. ഇതിനാവശ്യമായ ഒരു സ്ക്രിപ്റ്റ് തയ്യാറാക്കുക. [അവതരിപ്പിക്കുന്ന കല, ഏതു വിഭാഗം, ലഘു ചരിത്രം, കലാകാരൻ/കലാകാരി മുതലായവ]

**(ഒരു പുറം - സ്കോർ : 8)**

6. ഒരു അനുഷ്ഠാന കലാകാരന് കേരള ഫോക്‌ലോർ അക്കാദമിയിൽ നിന്നും ധനസഹായം ലഭിക്കാൻ വിശദമായ അപേക്ഷ തയ്യാറാക്കി കൊടുക്കുക.

**(അരപ്പുറം - സ്കോർ : 4)**

7. നിങ്ങളുടെ സുഹൃത്ത് പ്രഭാഷണങ്ങളിൽ ആവർത്തിക്കാറുള്ള താഴെപ്പറയുന്ന തെറ്റുകൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെടുത്തുന്ന വിധം ഒരു കുറിപ്പ് തയ്യാറാക്കുക.

വിദ്യഭ്യാസം, നീരാഹാര സത്യാഗ്രഹം, ഹാർദ്ദവമായ, ഐശ്ചികം, സ്വശ്രയ-കോളേജ്, ലബ്ദ പ്രതിഷ്ഠ നേടിയ, ഏകയും ഒറ്റപ്പെട്ടവളും.

**(അരപ്പുറം - സ്കോർ : 5)**

8. ചെന്നായ കൂടിയും മറ്റു ചെന്നായിനെ-
ക്കൊന്നു തിന്നട്ടഹസിപ്പതില്ല
മർത്ത്യനോ, മർത്ത്യനു രക്തം കുടിക്കണം
മർത്ത്യന്റെ—ബുദ്ധിമാനല്ലി മർത്ത്യൻ ?
എല്ലാമവന്റെയാ—ണീശ്വരൻ കൂടിയും
പുല്ലാണവ, നവനെന്തു കേമൻ

കവിയുടെ ഈ നിരീക്ഷണത്തോടുള്ള നിങ്ങളുടെ പ്രതികരണം ലഘു കുറിപ്പായി തയ്യാറാക്കുക. **(അരപ്പുറം - സ്കോർ : 5)**

9. കളിയും ചിരിയും കരച്ചിലുമായ്-
ക്കഴിയും നരനൊരു യന്ത്രമായാൽ
അംബ പേരാറേ, നീ മാറിപ്പോമോ
ആകുലയാമൊരുഴുക്കു ചാലായ്-

(മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഫെബ്രുവരി 21, 1954)

തന്റെ കൺകൾ നിലാവിനും കാറ്റിനും
നൽകണമെന്നെഴുതി ഏല്പിച്ച്
ജീവിതത്തെ പ്രണയിച്ചു തീരാത്ത
വേദനയായ് പുഴ മാഞ്ഞുപോയി.

(മാതൃഭൂമി ആഴ്ചപ്പതിപ്പ്, ജൂൺ 10, 2007)

രചനാശൈലി, കാലം, കാഴ്ചപ്പാട് എന്നിവയ്ക്ക് പ്രാധാന്യം നല്കി ഇരു കവിതാ ശകലങ്ങൾക്കും ആസ്വാദനം തയ്യാറാക്കുക. **(അരപ്പുറം - സ്കോർ : 5)**

10. സ്കൂളിലെ മലയാള സമാജത്തിന്റെ ആഭിമുഖ്യത്തിൽ ഗുപ്തൻ നായർ അനുസ്മരണ സമ്മേളനത്തിൽ നിർവഹിയ്ക്കാനുള്ള അനുസ്മരണാ പ്രഭാഷണം തയ്യാറാക്കുക.

**(ഒരു പുറം - സ്കോർ : 8)**

11. സംസ്കൃതമാകുന്ന ഹിമാലയത്തിൽ നിന്നും ഉത്ഭവിച്ചതാണ് ഭാരതത്തിലെ മറ്റു ഭാഷകൾ എല്ലാം. ഈ നിരീക്ഷണത്തെ യുക്തിസഹമായി ഖണ്ഡിക്കാനുള്ള സൂചകങ്ങൾ തയ്യാറാക്കുക. **(അരപ്പുറം - സ്കോർ : 5)**

12. 'ലിപി പരിഷ്ക്കരണം വായനക്കാരന് പ്രയാസമുണ്ടാക്കുന്നു.' യോജിച്ചോ, വിയോജിച്ചോ നിങ്ങളുടെ വാദങ്ങൾ അവതരിപ്പിക്കുക. **(അരപ്പുറം - സ്കോർ : 4)**

13. മലയാള ഭാഷയിലെ ഗദ്യ വികാസത്തിന്റെ ഏതെങ്കിലും നാലുഘട്ടങ്ങളും, ഏകദേശ-കാലവും, കൃതികളും പട്ടികപ്പെടുത്തുക. **(അരപ്പുറം - സ്കോർ : 4)**

14. പ്രേമ നൈരാശ്യം മൂലം തൂങ്ങിച്ചാകുവാൻ മര-
ക്കൊമ്പത്തു കേറിയോനെ ഇറക്കി നിർത്തീ മണ്ണിൽ
എന്നിട്ടു ഞാൻ നല്ലൊരു പത്തലങ്ങൊടിച്ചെടു-
ത്തവനെ തല്ലിക്കൊന്നു, വലിച്ചു കുഴിച്ചിട്ടു.

കുഞ്ഞുണ്ണി മാഷ്ടെ ഈ വരികളെ നിങ്ങൾ, കവിതയിലെ ഏതു പ്രവണതകളെ മുൻനിർത്തിയാണ് വിശകലനം ചെയ്യുക ? ഇതുപോലുള്ള മറ്റ് ഏതെങ്കിലും വരികൾ പരിചിതമാണോ ? ചെറുകുറിപ്പ് എഴുതുക. **(അരപ്പുറം - സ്കോർ : 4)**